## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 921** **26-07-2021 - ൽ മറുപടിയ്ക്ക്**

## കണ്ണൂർ വിമാനത്താവളത്തിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളത്തിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാകാത്തതിനാൽ നിരവധി കുടുംബങ്ങൾ കടുത്ത പ്രയാസം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | 8 മുതൽ 10 വർഷത്തിലേറയായി ഭൂമിയുടെ രേഖകൾ അക്വിസിഷൻ വിഭാഗത്തിന് സമർപ്പിച്ചതിനാൽ ബാങ്ക് ലോണുകൾ തിരിച്ചടക്കുന്നതിനോ മറ്റ് ജീവിത പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം കണ്ടെത്തുന്നതിനോ കഴിയാത്തതിനാൽ ഭൂമിയുടെ വില നൽകി എത്രയും പെട്ടെന്ന് ഭൂമി ഏറ്റെടുക്കുന്നതിന് തയ്യാറാവുമോ; | (ബി) | ഏറ്റെടുക്കൽ നടപടികളിൽ എല്ലാം കരട് പ്രഖ്യാപനം നടത്തികഴിഞ്ഞതാണ്. അർത്ഥനാധികാരിയിൽ നിന്നും പ്രതിഫലത്തുക ലഭ്യമാകുന്ന മുറക്ക് അവാർഡ് പ്രഖ്യാപനം നടത്തി വസ്തു കൈമാറുന്നതിന് സാധിക്കുന്നതാണ് |
| (സി) | നേരത്തെ പുനരധിവസിപ്പിക്കാൻ തീരുമാനിച്ച മുഴവൻ കുടുംബങ്ങളുടെയും പുനരധിവാസം എത്രയും വേഗം പൂർത്തിയാക്കുമോ? | (സി) | കണ്ണൂർ വിമാനത്താവളത്തിനായി 4 ഘട്ടങ്ങളിലായിട്ടാണ് വസ്തു ഏറ്റെടുപ്പ് നടത്തിയിട്ടുള്ളത്. പ്രസ്തുത വസ്തുക്കളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് വസ്തു രജിസ്ട്രേഷൻ/അവാർഡ് പ്രഖ്യാപനം നടത്തുന്നമുറക്ക്, നോഡൽ ഏജൻസിയായ കിൻഫ്ര മുഖാന്തിരം ഏറ്റെടുത്ത വസ്തുവിൽ, സർക്കാർ അംഗീകരിച്ച പുനരധിവാസ പാക്കേജ് വ്യവസ്ഥകൾ പ്രകാരമുള്ള 10 സെന്റ് വീതം ഭൂമി രജിസ്റ്റർ ചെയ്തു നൽകി പുനരധിവാസം നടത്തികഴിഞ്ഞിട്ടുണ്ട്. ഏറ്റെടുക്കുന്നതിന് ഉത്തരവായതിൽ ബാക്കി നിൽക്കുന്നതും 19(1) പ്രഖ്യാപനം നടത്തികഴിഞ്ഞതുമായ വസ്തുവിൽനിന്നും കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് അവാർഡ് പ്രഖ്യാപനം നടത്തുന്ന മുറക്ക് നിലവിൽ ലഭ്യമായ പുനരധിവാസ വസ്തുവിൽ തന്നെ പുനരധിവാസ പ്ലോട്ടുകൾ അനുവദിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ